നിന്നും അനുകൂലമായ വിധികൾ സമ്പാദിച്ച സാഹചര്യത്തിൽ അവർക്കെതിരെ സർക്കാരിന് നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിൽ വന്നു. സമൂഹത്തിൽ താഴേക്കിടയിലുള്ള ജനങ്ങളെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹിക വിപത്തെന്ന നിലയിൽ ഇത്തരം ലോട്ടറികളെ തുടരാനനുവദിക്കുന്നത് സംസ്ഥാന താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കേരള ലോട്ടറി നിർത്തലാക്കുവാൻ സംസ്ഥാന സർക്കാർ നിർബന്ധിതരായി.

(ഡി) സുപ്രീം കോടതി, ബി.ആർ എന്റർപ്രൈസസും, യു.പി. സംസ്ഥാന സർക്കാരും തമ്മിലുള്ള കേസിൽ ഒരു സംസ്ഥാനം ലോട്ടറി നടത്തുന്നുവെങ്കിൽ മറ്റു സംസ്ഥാന ലോട്ടറികൾ ആ സംസ്ഥാനത്തെ നിരോധിക്കുവാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ലോട്ടറി നിരോധനംമൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

12 (978) ശ്രീ. കെ. പി. രാജേന്ദ്രൻ:
ശ്രീ. പി. നാരായണൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ലോട്ടറി നിർത്തലാക്കുന്നതിന് തീരുമാനിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) ലോട്ടറി നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ലോട്ടറി ആരംഭിച്ചതു മുതൽ സർക്കാരിന് ലഭിച്ചിട്ടുള്ള വരുമാനം കണക്കാക്കിയിട്ടുണ്ടോ;

(ഡി) 2001 മുതൽ ഓരോ വർഷത്തെയും ലാഭം എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ലോട്ടറി വില്പനയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തി വരുന്നവർ എത്രപേർ വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) തൊഴിൽ രഹിതരാകുന്ന പ്രസ്തുത ആളുകളെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ;

(ജി) അനധികൃതമായി പ്രവർത്തിക്കുന്ന ഓൺലൈൻ, പേപ്പർ ലോട്ടറി ടിക്കറ്റ് വില്പന കർശനമായി തടയുന്നതിന് സർക്കാർ പരാജയപ്പെടുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എച്ച്) ഓൺലൈൻ, പേപ്പർ ലോട്ടറി വില്പനയിലൂടെ നികുതി വെട്ടിപ്പ് നടത്തിയിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ ഇതിനകം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ലോട്ടറി നിർത്തലാക്കാനുള്ള തീരുമാനം അനധികൃത ലോട്ടറി വില്പനയും ലോട്ടറി മാഫിയ വളർന്നുവരാൻ ഇടയാക്കുമെന്നതും കണക്കിലെടുത്ത് സർക്കാർ തീരുമാനം പിൻവലിക്കുമോ?

ഉത്തരം

(എ) 1998-ലെ കേന്ദ്ര ലോട്ടറി (നിയന്ത്രണ) നിയമത്തിലെ 4-ാം വകുപ്പിലെ നിബന്ധനകൾക്കും സംസ്ഥാന ലോട്ടറി ചട്ടങ്ങൾക്കും വിരുദ്ധമായും നടത്തിവന്ന അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ ലോട്ടറി ഡയറക്ടർ നൽകിയ നോട്ടീസിനെയും കേരളാ സംസ്ഥാന ലോട്ടറീസ് & ഓൺലൈൻ ലോട്ടറീസ് (റെഗുലേഷൻ) റൂൾസിലെ ചട്ടം 24 (3) ലോഭ്യം ചെയ്തുകൊണ്ടും അന്യസംസ്ഥാന ലോട്ടറി ഏജന്റുമാർ ബഹു ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതി 17-11-2003-ലെ വിധി പ്രകാരം ലോട്ടറി ഡയറക്ടറുടെ നടപടിയും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങളും ശരിവയ്ക്കുകയുമുണ്ടായി. ഇതിനെതിരെ അന്യസംസ്ഥാന ലോട്ടറി ഏജന്റുമാർ ഫയൽ ചെയ്ത കേസിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 19-12-2003-ലെ ഇടക്കാല ഉത്തരവിൽ കേരള ലോട്ടറി ആന്റ് ഓൺലൈൻ ലോട്ടറീസ് (റഗുലേഷൻ) ചട്ടത്തിലെ 24-ാം ചട്ടത്തിലെ (3)-ഉം (10)-ഉം ഉപചട്ടങ്ങൾ സ്റ്റേ ചെയ്തു. 28-4-2004-ലെ ഡിവിഷൻ ബഞ്ചിന്റെ അന്തിമവിധി സർക്കാരിന് അനുകൂലമായിരുന്നു എങ്കിലും ഇതിനെതിരെ അന്യസംസ്ഥാനങ്ങൾ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 19-12-2003-ലെ ഇടക്കാല ഉത്തരവ് നിലനിൽക്കുമെന്ന് 17-5-2004-ൽ ഉത്തരവായി ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ചിന്റെ നിലവിലുള്ള 16-12-2004-ലെ മറ്റൊരു വിധിപ്രകാരം സംസ്ഥാന സർക്കാരിന് അന്യസംസ്ഥാന ലോട്ടറി, അവ വില്പന നികുതി അടച്ചുകൊണ്ട് ഒറ്റ നമ്പർ ഒഴികെയുള്ള ലോട്ടറികൾ നടത്തുന്നപക്ഷം അവർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി അനധികൃത ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ കേന്ദ്ര നിയമം 5 പ്രകാരം സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. എന്നാൽ ബി.ആർ. എന്റർപ്രൈസസും, യു.പി. സർക്കാരും തമ്മിലുള്ള സുപ്രീം കോടതി കേസിൽ ഒരു സംസ്ഥാനം സ്വയം ലോട്ടറി നടത്തുന്നില്ലെങ്കിൽ മാത്രമേ അന്യസംസ്ഥാന ലോട്ടറി നിരോധിക്കാൻ അവകാശമുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികൾ സുപ്രീം കോടതിയിൽ നിന്നും ഹൈക്കോടതിയിൽ നിന്നും അനുകൂലമായ വിധികൾ സമ്പാദിച്ചിരിക്കുന്ന സാഹചര്യത്തിൽ അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിൽ വന്നു. സമൂഹത്തിന്റെ താഴേക്കിടയിലുള്ള ജനങ്ങളെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹ്യ വിപത്തെന്ന നിലയിൽ പ്രസ്തുത ലോട്ടറികളെ തുടരാനനുവദിക്കുന്നത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കേരളം നടത്തിവന്നിരുന്ന ലോട്ടറികളും നിരോധിക്കുവാൻ സർക്കാർ നിർബന്ധിതരായിത്തീർന്നു.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1967-68 മുതൽ 2003-04 വരെയുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 2001 മുതൽ ഓരോ വർഷത്തെയും ലാഭം ചുവടെ ചേർക്കുന്നു:

വർഷം	വരവ്	അറ്റാദായം
2001-02	122.69	1.77 കോടി രൂപ
2002-03	131.69	13.40 കോടി രൂപ
2003-04	134.98	19.87 കോടി രൂപ

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി) അനധികൃതമായി പ്രവർത്തിക്കുന്ന ഓൺലൈൻ/പേപ്പർ ഭാഗ്യക്കുറികളുടെ വില്പന കർശനമായി തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടില്ല. ബഹു. ഹൈക്കോടതിയിൽ നിന്നും സർക്കാരിന് അനുകൂലമായി വിധി ലഭിച്ചുവെങ്കിലും ബഹു. സുപ്രീംകോടതിയുടെ താല്കാലിക സ്റ്റേ ഉത്തരവ് വന്നതിനുശേഷമാണ് അന്യസംസ്ഥാന ഓൺലൈൻ/പേപ്പർ ഭാഗ്യക്കുറികൾ സംസ്ഥാനത്ത് വീണ്ടും സജീവമായത്. ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതിയും സുപ്രീം കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധികൾ പാലിക്കാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്.

(എച്ച്) ഉണ്ട്. ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ഐ) സുപ്രീംകോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തീരുമാനം പുനഃപരിശോധിക്കുന്നതാണ്.

സംസ്ഥാന ഭാഗ്യക്കുറിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ

13 (878) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ 11-10-2004, 17-12-2004 തീയതികളിലും ഹൈക്കോടതിയിൽ 16-12-2004, 21-12-2004 തീയതികളിലും ഉണ്ടായ വിധികൾ സർക്കാരിനെതിരായിരുന്നോ;

(ബി) എങ്കിൽ അങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഹൈക്കോടതിയിലെയും സുപ്രീം കോടതിയിലെയും പ്രസ്തുത കേസുകളിൽ നിയമ വകുപ്പിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ഡി) കോടതികളിൽ സർക്കാർ സമർപ്പിച്ചിരുന്ന സത്യവാങ്മൂലങ്ങളിൽ കേന്ദ്ര ലോട്ടറി നിയമത്തിലെ സുപ്രധാന വസ്തുതകൾ പരാമർശിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടെന്ന കാര്യം പരിശോധിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly